# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4763 28.6.2013 ൽ മറുപടിയ്ക്ക്

## വികലാംഗരുടെ ക്ഷേമത്തിനായി നടപടി

ചോദ്യം
ശ്രീമതി.പി.അയിഷാപോറ്റി

മറുപടി
ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) വികലാംഗരുടെ ക്ഷേമത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) വികലാംഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർ ഷിപ്പ്<br><br>ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36000/-രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% ൽ കുറയാതെ മാർക്ക് ലഭിച്ചവരുമായ വികലാംഗ വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരാണ്.<br>വികലാംഗ പെൻഷൻ<br>80% നു മേൽ വൈകല്യമുള്ളവർക്ക് 700 രൂപയും മറ്റുള്ളവർക്ക് 525 രൂപയും വികലാംഗ പെൻഷൻ നൽകി വരുന്നു.<br>അന്ധരും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കുള്ള ധനസഹായം<br>കുടുംബ വാർഷിക വരുമാനം പ്രതിമാസം 18000/- രൂപയിൽ കവിയാത്ത അന്ധരായ അഭിഭാഷകർക്കും അസ്ഥിസംബന്ധമായ വൈകല്യമുള്ള അഭിഭാഷകർക്കും വകുപ്പ് ധനസഹായം നൽകി വരുന്നു. അന്ധരായ അഭിഭാഷകർക്ക് പ്രതിമാസം 3000/- രൂപ നൽകുന്നു.<br>ഇന്റർവ്യൂ, എഴുത്തു പരീക്ഷ എന്നിവയ്ക്ക് ഹാജരാകുന്ന വികലാംഗർക്കുള്ള യാത്രാബത്ത<br><br>കുടുംബ വാർഷിക വരുമാനം 10000/- രൂപയിൽ കവിയാത്ത വികലാംഗരായ ഉദ്യോഗാർത്ഥികൾ എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുക്കുവാൻ പോകുന്നതിന് റ്റി.എ/ഡി.എ എന്നിവ വകുപ്പ് അനുവദിച്ച് വരുന്നു.<br>NGO നടത്തുന്ന വികലാംഗ പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികൾക്ക് നൽകേണ്ട ഗ്രാന്റ്<br>സന്നദ്ധ സംഘടനകൾ നടത്തുന്ന വികലാംഗരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഒരു അന്തേവാസിക്ക് പ്രതിമാസം 150/- രൂപ ധനസഹായം അനുവദിച്ച് വരുന്നു.<br>വികലാംഗർക്കുള്ള സ്ഥാപനങ്ങൾക്കുള്ള PWD രജിസ്ട്രേഷൻ<br>വികലാംഗരായ വ്യക്തികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് 1995 ലെ Persons with disabilities(Equal opportunities, Protection of Right and Full Participation)Act ലെ സെക്ഷൻ 52 പ്രകാരം വകുപ്പ് രജിസ്ട്രേഷൻ നൽകി വരുന്നു. |

| | |
|---|---|
| | <u>ആശ്വാസ കിരണം(തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള ധനസഹായം)</u><br>ശയ്യാവലംബരായ രോഗികൾ ഉള്ള കുടുംബങ്ങളിൽ രോഗികളെ പരിചരിക്കുന്നവർക്ക് പ്രതിമാസം 400/- രൂപ വീതം ധനസഹായം നൽകുന്നു. ഈ സ്കീം സാമൂഹ്യ സുരക്ഷാ മിഷൻ വഴിയാണ് നടപ്പിലാക്കുന്നത്.<br><u>I.A.P.C(ഇന്ത്യൻ അസോസിയേഷൻ ഓഫ് പാലിയേറ്റീവ് കെയർ)</u><br>നട്ടെല്ലിന് ക്ഷതം സംഭവിച്ച് ശയ്യാവലംബരായിട്ടുള്ളവർക്ക് തൊഴിൽ പഠിപ്പിച്ച് പരസഹായം കൂടാതെ ജീവിക്കുവാൻ പ്രാപ്തരാക്കുന്നതിനു വേണ്ടി കേരളത്തിലെ 5 ജില്ലകളിൽ(മലപ്പുറം, വയനാട്, കോഴിക്കോട്, എറണാകുളം & ഇടുക്കി) നടത്തി വരുന്ന പദ്ധതി. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് തൃശ്ശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന I.A.P.C യെയാണ്.<br><u>പൊതു സ്ഥലങ്ങളും പബ്ലിക് ബിൽഡിംഗുകളും ബാരിയർ ഫ്രണ്ട് ലി ആക്കുന്നത്</u><br>വിവിധ വകുപ്പിൻ കീഴിൽ വിവിധ സ്ഥലങ്ങളിലുള്ള പബ്ലിക് ബിൽഡിംഗും വികലാംഗസ്ഥാപനങ്ങളും ബാരിയർ ഫ്രീ ആക്കുന്നതിനും നിർമ്മിക്കുന്ന എല്ലാ പബ്ലിക്ബിൽഡിംഗുകളും(ലിഫ്റ്റ്, ടോയിലറ്റ് etc. ഉൾപ്പെടെ)ഡിസേബിൾഡ് ഫ്രണ്ട് ലി ആക്കുന്നതിനുള്ള പദ്ധതി.<br><u>വികലാംഗ തിരിച്ചറിയൽ കാർഡ്</u><br>സംസ്ഥാനത്തെ മുഴുവൻ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനുമായി ചേർന്ന് ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തുവരുന്നു. പ്രസ്തുത തിരിച്ചറിയൽ കാർഡിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെ കുറിച്ചുള്ള എല്ലാ വിവരങ്ങളും ഉണ്ടായിരിക്കും.<br><u>വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം</u><br>ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായമായി 5000/- രൂപ നൽകി വരുന്നു.<br><u>വിവാഹ ധനസഹായം</u><br>ശാരീരിക വെല്ലുവിളി നേരിടുന്ന പെൺകുട്ടികൾക്കും ശാരീരിക വെല്ലുവിളികൾ നേരിടുന്ന മാതാപിതാക്കളുടെ പെൺമക്കൾക്കും ഉള്ള വിവാഹ ധനസഹായമായി 10000/- രൂപ നൽകി വരുന്നു.<br><u>വികലാംഗർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ</u><br>പതിനാറ് വയസ്സിനുമേൽ പ്രായമുള്ള യുവജനങ്ങൾക്ക് ബുക്ക് ബയന്റിംഗ്, ടെയിലറിംഗ് , എംബ്രോയിഡറി, കമ്പ്യൂട്ടർ എന്നിവയിൽ തൊഴിൽ പരിശീലനം നൽകുന്നു.<br><u>കോക്ലിയർ ഇംപ്ലാന്റേഷൻ</u><br>ബാല്യത്തിൽ തന്നെ കുട്ടികളുടെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞാൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. ഒരു വയസ്സിനും മൂന്ന് വയസ്സിനും ഇടയിൽ ശ്രവണ വൈകല്യമുള്ള കുട്ടികളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ വഴി ശ്രവണശേഷി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതാണ് ഈ പദ്ധതി. 6 ലക്ഷം രൂപയോളം ചെലവ് വരുന്ന ഈ ശസ്ത്രക്രിയ സൌജന്യമായി നൽകി വരുന്നു.<br><u>എൻഡോ സൾഫാൻ ദുരിത ബാധിതർക്കുള്ള സമഗ്ര പാക്കേജ്</u><br>കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനായുള്ള ഒരു പദ്ധതിയാണിത്. ഇവരുടെ ക്ഷേമത്തിനായി പ്രതിമാസം ധനസഹായം, വിദ്യാഭ്യാസ ധനസഹായം, |

ചികിത്സാ സഹായം തുടങ്ങിയ ക്ഷേമ പദ്ധതികൾ ' സ്നേഹ സാന്ത്വനം ' എന്ന പേരിൽ കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു.

എക്സ്പർട്ട് കമ്മിറ്റി

ഉദ്യോഗസ്ഥ നിയമനങ്ങളിൽ വികലാംഗർക്ക് അനുയോജ്യമായ ക്ലാസ് I, ക്ലാസ് II തസ്തികകൾ കണ്ടെത്തുന്നതിനായി എക്സ്പർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ ഉന്നതർ അടങ്ങിയിട്ടുള്ള ഈ കമ്മിറ്റി കാലാകാലങ്ങളിൽ യോഗ്യതാമാനദണ്ഡം പുനർനിർണ്ണയിച്ച് വിവിധ തസ്തികകളിലേയ്ക്ക് അർഹതയുള്ള വികലാംഗ വിഭാഗത്തെ കണ്ടെത്തുന്നു.

വികലാംഗരുടെ പുനരധിവാസത്തിനുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

ബാല വികലാംഗസദനം. വികലാംഗസദനം, Home for mentally deficient children(HMDC), പ്രതീക്ഷാഭവൻ, പ്രത്യാശാഭവൻ, ആശാഭവൻ

അംഗപരിമിതരെ സംരക്ഷിക്കുന്നതിനായി സംരക്ഷണ ഭവനങ്ങൾ പ്രവർത്തിച്ച് വരുന്നു.

സംസ്ഥാന വികലാംഗ അവാർഡ്

കേന്ദ്ര സംസ്ഥാന ഗവൺമെന്റ് സ്ഥാപനങ്ങളിലും പൊതുമേഖലാസ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വികലാംഗരായ ഉദ്യോഗസ്ഥർക്ക് മികച്ച വികലാംഗ ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കാം. അസ്ഥിസംബന്ധമായ വൈകല്യം, അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നീ രംഗത്ത് പ്രവർത്തിച്ചുവരുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങൾക്കും സംസ്ഥാന അവാർഡിന് അപേക്ഷിക്കാം. ഏതെങ്കിലും സ്ഥാപനത്തിൽ 2% ൽ കുറയാത്ത ജീവനക്കാർ വികലാംഗരാണെങ്കിൽ മികച്ച തൊഴിൽദായകർക്കുള്ള സംസ്ഥാന അവാർഡിനായി അപേക്ഷിക്കാം. വികലാംഗജീവനക്കാർക്കുള്ള അവാർഡ് ആകെ 18 എണ്ണം ആണ്. അന്ധത, ബധിരത, അസ്ഥിസംബന്ധമായ വൈകല്യം എന്നീ വിഭാഗങ്ങളിൽ ഓരോന്നിനും 2 വീതം നൽകി വരുന്നു. അസ്ഥിസംബന്ധമായ വൈകല്യം, അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നീ രംഗത്ത് പ്രവർത്തിക്കുന്ന വികലാംഗക്ഷേമ സ്ഥാപനങ്ങൾക്ക് ഓരോ അവാർഡ് വീതം നൽകുന്നു. അപേക്ഷാ ഫാറം അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും ലഭ്യമാണ്. ജീവനക്കാർക്കുള്ള അവാർഡിനായി അപേക്ഷിക്കുന്നവർ ജോലി ചെയ്യുന്ന സ്ഥാപന മേധാവിയുടെ ശുപാർശ കത്ത്, വൈകല്യം തെളിയിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വൈകല്യം ബോധ്യപ്പെടുന്ന ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്.

വികലാംഗ ദേശീയ അവാർഡ്

ജീവനക്കാർക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കുമായി 10 ദേശീയ അവാർഡുകൾ നൽകി വരുന്നു. കാഴ്ചക്കുറവ്, കേൾവിക്കുറവ്, അസ്ഥിസംബന്ധമായ വൈകല്യം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, അന്ധത, മെന്റൽ ഇൽനസ്, ഓട്ടിസം, മൾട്ടിപ്പിൾ ഡിസെബിലിറ്റി, ലപ്രസി ക്യൂവേർഡ് എന്നീ വൈകല്യമുള്ള സർക്കാർ/സ്വകാര്യ/പൊതുമേഖലയിൽ ജോലി ചെയ്യുന്നവർക്കും സ്വയംതൊഴിൽ കണ്ടെത്തുന്നവർക്കുമായിട്ടാണ് ഈ അവാർഡ് നൽകുന്നത്. വൈകല്യമുള്ളവർക്ക് ജോലി നൽകുന്ന സ്ഥാപനങ്ങൾക്കും പ്ലേസ്മെന്റ് ഓഫീസേഴ്സ്/ഏജൻസി, വികലാംഗർക്കുവേണ്ടി പ്രവർത്തിക്കുന്ന മികച്ച വ്യക്തികൾക്കും മികച്ച ക്ഷേമ

| | |
|---|---|
| | സ്ഥാപനങ്ങൾക്കും വികലാംഗരായ വ്യക്തികളുടെ പുരോഗമനത്തിനായുള്ള റിസേർച്ചിനും, വികലാംഗരുടെ ഉന്നമനത്തിന് പ്രവർത്തിക്കുന്ന മികച്ച ജില്ലകൾക്കും, മികച്ച ലോക്കൽ ലെവൽ കമ്മിറ്റികൾക്കും മികച്ച ചാനലൈസിംഗ് ഏജൻസികൾക്കും വ്യക്തിപരമായ നേട്ടങ്ങൾ കൈവരിച്ച വികലാംഗ കുട്ടികൾക്കും മുതിർന്നവർക്കും അവാർഡുകൾ നൽകുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷാഫാറം പൂരിപ്പിച്ച് അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണ്.<br><br>സാമൂഹ്യനീതി വകുപ്പിൻ കീഴിൽ മാനസിക രോഗ വിമുക്തി നേടിയവർക്കുള്ള ക്ഷേമ സ്ഥാപനങ്ങൾ(ആശാഭവൻ)<br><br>മാനസിക രോഗ വിമുക്തി നേടിയവരും സ്വന്തം വീടുകളിൽ സംരക്ഷണം ലഭിക്കാത്തവരുമായർക്ക് സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള ആശാഭവനുകൾ സംരക്ഷണം നൽകി വരുന്നു. അന്തേവാസികൾക്ക് പോഷകമൂല്യമുള്ള ഭക്ഷണം, വസ്ത്രം, കിടക്ക, ആവശ്യമായ വൈദ്യചികിത്സ, അവരുടെ മാനസികവും ആരോഗ്യപരവുമായ കഴിവുകൾക്ക് അനുസൃതമായ രീതിയിൽ വിജ്ഞാനത്തിനും വിനോദത്തിനും ഉതകുന്ന കലാകായിക സാംസ്കാരിക പരിപാടികളും നടപ്പിലാക്കി വരുന്നു. സ്ത്രീകൾക്കുള്ള സ്ഥാപനം സ്ഥിതിചെയ്യുന്നത്-തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, പുരുഷന്മാർക്കുള്ള സ്ഥാപനം സ്ഥിതിചെയ്യുന്നത്-തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്.<br><br>സാമൂഹ്യനീതിവകുപ്പിൻ കീഴിലുള്ള വികലാംഗക്ഷേമ സ്ഥാപനങ്ങൾ.<br><br>1. ബാല വികലാംഗ സദനം<br><br>നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള വികലാംഗരായ കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് ബാല വികലാംഗ സദനം. ആലപ്പുഴയിലും കണ്ണൂരിലും ബാല വികലാംഗ സദനങ്ങൾ പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിലെ കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, കിടക്ക, ആരോഗ്യ പരിപാലനം വൈദ്യ സഹായം എന്നിവ നൽകുന്നു. കുട്ടികൾക്ക് SSLC വരെ പഠിക്കുന്നതിനുള്ള സൗകര്യവും നൽകുന്നു.<br><br>2. വികലാംഗസദനം.<br><br>വികലാംഗരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി വികലാംഗസദനങ്ങൾ പ്രവർത്തിച്ചുവരുന്നു. വനിതാ വികലാംഗ സദനങ്ങൾ തിരുവനന്തപുരത്തും എറണാകുളത്തും പുരുഷന്മാർക്കുള്ള വികലാംഗ സദനം കോഴിക്കോടും പ്രവർത്തിച്ചുവരുന്നു.ടി സ്ഥാപനത്തിലെ അന്തേവാസികൾക്ക് വസ്ത്രവും, കിടക്കയും, ഭക്ഷണവും ആരോഗ്യ പരിപാലനവും സംരക്ഷണവും നൽകിവരുന്നു.<br><br>3. Home for Mentally deficient children(HMDC)<br><br>ബുദ്ധിവൈകല്യമുള്ള നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സംരക്ഷണം നൽകുന്ന സ്ഥാപനമാണ് കോഴിക്കോട് പ്രവർത്തിക്കുന്ന HMDC. പ്രവേശനം ലഭിക്കുന്ന കുട്ടികൾക്ക് വസ്ത്രങ്ങളും കിടക്കയും ആഹാരവും നൽകി വരുന്നു. ദൈനംദിന ആവശ്യങ്ങൾ, വിദ്യാഭ്യാസം, കര കൗശലം എന്നിവ സംയോജിതമായുള്ള പരിശീലന പരിപാടി നൽകി വരുന്നു.<br><br>4. പ്രതീക്ഷാഭവൻ<br><br>ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷന്മാർക്കുള്ള സ്ഥാപനമാണ് മലപ്പുറം ജില്ലയിലെ തവനൂരിൽ പ്രവർത്തിക്കുന്ന പ്രതീക്ഷാഭവൻ. അന്തേവാസികൾക്ക് വസ്ത്രവും, കിടക്കയും, ഭക്ഷണവും ആരോഗ്യ പരിപാലനവും വൈദ്യ ചികിത്സയും തൊഴിൽ പരിശീലനവും നൽകിവരുന്നു. |

5. പ്രത്യാശാഭവൻ

ബുദ്ധിവൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകൾക്ക് വേണ്ടിയുള്ള സ്ഥാപനമാണ് തൃശ്ശൂർ രാമവർമ്മ പുരത്ത് പ്രവർത്തിക്കുന്ന പ്രത്യാശാഭവൻ എന്ന സ്ഥാപനം. അന്തേവാസികൾക്ക് വസ്ത്രവും, കിടക്കയും, ഭക്ഷണവും ആരോഗ്യ പരിപാലനവും വൈദ്യ ചികിത്സയും നൽകി വരുന്നു.

<u>സർവ്വീസിൽ സ്ഥിര നിയമനം</u>

വിവിധ ഘട്ടങ്ങളിൽ നിശ്ചിത കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലികമായി ജോലി ചെയ്തിരുന്ന വികലാംഗർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. 16.8.99 മുതൽ 31.12.2003 വരെ ഇപ്രകാരം ജോലി നോക്കിയിരുന്ന ഉദ്ദേശം 2677 വികലാംഗരെ സ്ഥിരപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ട്.

വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന താഴെ പറയുന്ന സഹായങ്ങൾ ലഭ്യമാക്കുന്നു.

1. അംഗവൈകല്യമുള്ളവർക്ക് സൗജന്യമായി വിവിധതരം സഹായ ഉപകരണങ്ങൾ (ട്രൈ സൈക്കിൾ, വീൽ ചെയർ, ക്രച്ചസ്സ്, ശ്രവണ സഹായികൾ, കൃത്രിമ കൈകാലുകൾ കാലിപ്പർ തുടങ്ങിയവ)വിതരണം ചെയ്യുന്നു.
2. സർക്കാർ ഉത്തരവ് നം.44/12/SWD dated 23.1.2012 പ്രകാരം സബ്സിഡിയോടുകൂടി ബാങ്ക് ലോൺ നൽകുന്നു.
3. മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങുന്നവർക്ക് സൈഡ് വീൽ ഘടിപ്പിക്കുന്നതിന് 10000/- രൂപ സബ്സിഡി നൽകുന്നു.
4. എസ്.എസ്.എൽ.സി, പ്ലസ് 2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്നു.
5. സർക്കാർ ഉത്തരവ് നം.346/12/SWD dated 30.7.2012 പ്രകാരംതികച്ചും അംഗവൈകല്യമുള്ള എട്ടു വയസ്സുവരെയുള്ള പെൺകുട്ടികൾക്ക്20,000/- രൂപയും ആൺകുട്ടികൾക്ക് 15000/- സ്ഥിര നിക്ഷേപം നൽകുന്നു
6. ലോട്ടറി ഏജന്റുമാരായ വികലാംഗർക്ക് ഒറ്റത്തവണ സഹായമായി 5000/- രൂപ വീതം നൽകുന്നു.
7. വികലാംഗർ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങൾക്ക് 5000/- രൂപ ധനസഹായം നൽകുന്നു.
8. കുറഞ്ഞ പലിശ നിരക്കിൽ(സ്ത്രീകൾക്ക് 4% മുതൽ 5% വരെയും പുരുഷന്മാർക്ക് 5% മുതൽ 6% വരെയും) എൻ.എച്ച്.എഫ്.ഡി.സി യുടെ സ്വയം തൊഴിൽ വായ്പ നൽകുന്നു.

| | |
|---|---|
| (ബി)വികലാംഗരുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ; | (ബി) വികലാംഗരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്കീമുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>i) വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായി സംസ്ഥാന സംരംഭം സംബന്ധിച്ച് എല്ലാ ജില്ലകളിലും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന പ്രാരംഭ ഇടപെടൽ കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.<br>ii) മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള വൈകല്യമുള്ളവർക്ക് പരിശീലനവും തൊഴിൽ അവസരവും സൃഷ്ടിക്കുന്നതിനായി വയനാട് ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ ഒരു പുനരധിവാസ കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| | iii) മാനസിക രോഗ വിമുക്തി നേടിയവർക്കായി പ്രവർത്തിക്കുന്ന NGO കൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് psychosocial registration നൽകി സംസ്ഥാന സർക്കാർ ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. |
| (സി)വിവിധ വകുപ്പുകളിലേക്കുള്ള നിയമനത്തിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ? | (സി)വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വികലാംഗർക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് വിവിധ തസ്തികകൾ വികലാംഗർക്ക് അനുയോജ്യമാണോ എന്ന് കണ്ടെത്തി 3% സംവരണ തത്വം പാലിക്കുന്നതിന് എക്സ്പർട്ട് കമ്മിറ്റികൾ രൂപീകരിച്ച് തസ്തികകൾ കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ